## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 254

05-03-2012 ൽ മറുപടിക്ക്

### എക്സൈസ് വകുപ്പ് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |

എ) എക്സൈസ് വകുപ്പ് നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

എ) എക്സൈസ് വകുപ്പ് നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു.

(1) ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ നൽകുന്നതിനുള്ള നടപടി :-

നിലവിൽ 101 എണ്ണം 0.32'' റിവോൾവറുകൾ മാത്രം ഉണ്ടായിരുന്ന വകുപ്പിനെ, കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 110 എണ്ണം 0.32'' പിസ്റ്റളുകൾ കൂടുതൽ വാങ്ങിയിട്ടുണ്ട്. 26,000 എണ്ണം വെടിയുണ്ടകൾ പൂനയിലെ അമ്യൂണിഷൻ ഫാക്ടറിയിൽ നിന്നും വാങ്ങുന്നതിനായി ആകെ 8,53,122/- (എട്ടു ലക്ഷത്തി അൻപത്തിമൂവായിരത്തി ഒരുനൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. ഉദ്യോഗസ്ഥർക്ക് റിഫ്രഷർ പരിശീലനം നൽകി മേൽ പിസ്റ്റളുകൾ നൽകുന്നതാണ്.

(2) സെക്യൂരിറ്റി ചെസ്റ്റുകൾ :- വകുപ്പിൽ പുതിയതായി വാങ്ങിയ 110 പിസ്റ്റളുകളും, അവയ്ക്കുള്ള അമ്യൂണിഷനുകളും ഉദ്യോഗസ്ഥർക്ക് ഉപയോഗത്തിനായി അനുവദിക്കുമ്പോൾ ആയവ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സെക്യൂരിറ്റി ചെസ്റ്റുകൾ വാങ്ങുന്നതിനായി 31,12,340/- (മുപ്പത്തിഒന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി നാല്പത് രൂപ മാത്രം) രൂപ

അനുവദിച്ച് ഈ സർക്കാർ 05-12-2011 ലെ സ.ഉ.(സാധാ) നം. 802/2011/നിവ പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(3) മൊബൈൽ ഫോൺ കണക്ഷനുകൾ : 2011 ആഗസ്റ്റ് മാസത്തോടെ വകുപ്പിലെ 329 ഉദ്യോഗസ്ഥർക്കു കൂടി ഔദ്യോഗിക മൊബൈൽ കണക്ഷൻ നൽകി. ഇതോടെ മൊബൈൽ കണക്ഷനുകൾ അനുവദിച്ച ഉദ്യോഗസ്ഥരുടെ എണ്ണം 370 ആയി. ഇതു കൂടാതെ, മേൽ മൊബൈൽ കണക്ഷനുകളും, വകുപ്പിൽ നിലവിലുള്ള 372 ലാന്റ് ഫോൺ കണക്ഷനുകളും CUG, VPN സൗകര്യത്തിൽ ഉൾപ്പെടുത്തി പരസ്പരം വിളിക്കുന്നത് സൗജന്യമാക്കി മാറ്റിയിട്ടുണ്ട്. മേൽ നടപടികൾ വഴി ഉദ്യോഗസ്ഥർക്കിടയിലുള്ള വാർത്താ വിനിമയം സുഗമമാവുകയും എൻഫോഴ്സ്മെന്റ് പ്രവർത്തന ഏകോപനം ശക്തമാകുകയും ചെയ്തിട്ടുണ്ട്.

(4) ആധുനിക എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ :- എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് ഉപയോഗിക്കുന്നതിനായി ആകെ 35,53,020/- (മുപ്പത്തിയഞ്ച് ലക്ഷത്തി അൻപത്തിമൂവായിരത്തി ഇരുപത് രൂപ മാത്രം) രൂപ ചെലവിൽ റിഫ്ലക്ടീവ് ജാക്കറ്റ്, സെർച്ച് ടോർച്ച്, ഹെൽമറ്റ്, ആധുനിക കൈയ്യാമങ്ങൾ എന്നിവ വാങ്ങുന്നതിന് സ.ഉ.(സാധാ).നം.122/ 2012/നി.വ. തീയതി 18-02-2012 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു.

(5) സ്റ്റീൽ ബോട്ട് നിർമ്മാണം :- ആലപ്പുഴ ജില്ലയിലെ കുട്ടനാട് റെയിഞ്ച് ആഫീസിന്റെ ഉപയോഗത്തിനായി കേരള സ്റ്റീൽ ഇൻഡസ്ട്രീസിൽ നിർമ്മാണം ആരംഭിച്ച സ്റ്റീൽ ബോട്ടിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി 20,09,000/- (ഇരുപത് ലക്ഷത്തി ഒൻപതിനായിരം രൂപ മാത്രം) രൂപ സർക്കാർ ഇതുവരെ അനുവദിച്ചിട്ടുണ്ട്. 33.35 ലക്ഷം രൂപ ആകെ ചെലവു വരുന്ന ഈ ബോട്ട് നിർമ്മാണം ഉടൻ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(6) മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി :- സർക്കാർ അംഗീകൃത മദ്യ വിൽപ്പന ശാലയിലെ കള്ള്, വിദേശമദ്യം, ബിയർ തുടങ്ങിയ മദ്യങ്ങളിൽ അനുവദനീയ ഘടകങ്ങൾ മാത്രമേ ഉള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിനായി, രാസപരിശോധന നടത്തുന്നതിന് സഞ്ചരിക്കുന്ന ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ ആദ്യനടപടിയായി 15 ലക്ഷം രൂപ (രൂപ പതിനഞ്ച് ലക്ഷം മാത്രം) ചെലവിൽ തിരുവനന്തപുരം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബോറട്ടറി തുടങ്ങുവാൻ സ.ഉ.(സാധാ).നം. 144/2012/നി.വ തീയതി 25-02-2012 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(7). കംപ്യൂട്ടർ വത്ക്കരണം :- 2011 വർഷാരംഭത്തിൽ 125 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും തുടർന്ന് 2011 അവസാനത്തോടെ 22 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി ആഫീസുകളിൽ നൽകിയതോടെ കേരളത്തിലെ ചെക്ക്പോസ്റ്റുകൾ ഒഴികെ മറ്റ് എല്ലാ എക്സൈസ് ആഫീസുകളും കമ്പ്യൂട്ടർ വൽക്കരിക്കപ്പെടുകയും ഇന്റർനെറ്റ് സംവിധാനമുള്ള താവുകയും ചെയ്തു.

(8) ഇ-പേയ്മെന്റ് :- എക്സൈസ് വകുപ്പിലേയ്ക്കുള്ള വിവിധതരം റവന്യൂ വരുമാനം മുതൽകൂട്ടുന്ന രീതി ഓൺ ലൈൻ സംവിധാനത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇ-പേയ്മെന്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനായി 5.2 ലക്ഷം രൂപ (രൂപ അഞ്ചു ലക്ഷത്തി ഇരുപതിനായിരം മാത്രം) സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാണിജ്യ നികുതി വകുപ്പിനു വേണ്ടി ഉണ്ടാക്കിയ K.VATIS എന്ന സോഫ്റ്റ്വെയറിൽ ഒരു പുതിയ മോഡ്യൂൾ നിർമ്മിച്ച് ഉപയോഗിക്കുവാൻ തീരുമാനമായി. ടി വകുപ്പിൽ ഇ-പേയ്മെന്റ് സിസ്റ്റം ഈ സാമ്പത്തിക വർഷം തന്നെ നടപ്പിൽ വരുത്തുന്ന രീതിയിൽ നടപടികൾ പുരോഗമിക്കുന്നു.

(9) വെബ്സൈറ്റ് : എക്സൈസ് വകുപ്പിന് മാത്രം പ്രത്യേകമായി www.excise.kerela.gov.in എന്ന പേരിൽ ഒരു പുതിയ വെബ്സൈറ്റ് നിർമ്മാണം പൂർത്തിയാക്കി

ഉടൻ തന്നെ ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യുന്നതാണ്.

(10) എക്സൈസ് അക്കാഡമി നവീകരണം :- തൃശൂരിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് എക്സൈസ് അക്കാഡമിയുടെ പുതിയ കെട്ടിടം പണി ഈ സാമ്പത്തിക വർഷം മധ്യത്തോടെ പൂർത്തിയായി വന്നതോടെ ഈ സർക്കാർ 25 ലക്ഷം രൂപ (രൂപ ഇരുപത്തിയഞ്ച് ലക്ഷം മാത്രം) അനുവദിച്ച് അക്കാഡമിയുടെ അടിസ്ഥാന സൗകര്യ വികസനം നടത്തിക്കൊണ്ടിരിക്കുന്നു. ഈ നടപടികൾ പൂർത്തിയാവുന്നതോടെ എക്സൈസ് അക്കാഡമിയുടെ പ്രവർത്തനം ഏതാണ്ട് പൂർണ്ണമായ രീതിയിൽ എത്തുന്നതാണ്.

(11) പുതിയ വാഹനങ്ങൾ :- എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി 2007-08 വർഷം മുതൽ 2010-11 വർഷം വരെ ആകെ 148 വാഹനങ്ങൾ വകുപ്പിലേയ്ക്ക് വാങ്ങിയിട്ടുണ്ട്. പഴയതും പ്രവർത്തനക്ഷമത കുറഞ്ഞതുമായ വാഹനങ്ങൾ മാറ്റുന്നതിനായി ഈ സർക്കാർ ഈ വർഷം 38 വാഹനങ്ങൾ 1.74 കോടി (രൂപ ഒരു കോടി എഴുപത്തിനാല് ലക്ഷം മാത്രം) രൂപയ്ക്ക് വാങ്ങുന്നതിന് സ.ഉ.(സാധാ).നം. 174/2012/നി.വ. തീയതി 01-03-2012 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(12) ബോധവൽക്കരണ വിഭാഗം :- മദ്യത്തിന്റേയും മയക്കു മരുന്നിന്റേയും ഉപഭോഗത്തിനെതിരായുള്ള വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ബോധവൽക്കരണ പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി 2011-ൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തിക സൃഷ്ടിക്കുകയും പ്രത്യേക വിഭാഗം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി 1 കോടി 20 ലക്ഷം രൂപ (ഒരുകോടി ഇരുപത് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

(13) വയർലെസ് സംവിധാനം :- വകുപ്പിൽ വിപുലമായ രീതിയിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശം ഒരു കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

ബി) എക്സൈസ് ജീവനക്കാർക്കായി പരിശീലന അക്കാഡമി തുടങ്ങുവാനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

ബി) എക്സൈസ് വകുപ്പിനായി, 18-12-2003 ലെ ജി.ഒ.(എം.എസ്) നമ്പർ 194/2003/റ്റിഡി. എന്ന സർക്കാർ ഉത്തരവിനാൽ, ഒരു എക്സൈസ് ട്രെയിനിംഗ് കോളേജ് തുടങ്ങാനായി നടപടി ആരംഭിച്ചിട്ടുള്ളതും, 01-01-2004 ൽ ആയത് സ്ഥാപിച്ചിട്ടുള്ളതുമാണ്. 17-06-2004 ലെ ജി.ഒ.(ആർ.റ്റി) നം. 406/2003/റ്റി.ഡി. എന്ന സർക്കാർ ഉത്തരവിനാൽ ടി ട്രെയിനിംഗ് കോളേജിന്റെ പേര്, സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്റർ എന്നാക്കി മാറ്റിയിട്ടുണ്ട്., നിലവിൽ ചെറിയ ട്രെയിനിംഗ് പരിപാടികൾ നടന്നു വരുന്ന ടി അക്കാഡമിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തിയായി വരുന്നു. ആയത് പൂർണ്ണ സജ്ജമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഇപ്പോൾ 25 ലക്ഷം രൂപ (രൂപ ഇരുപത്തിയഞ്ച് ലക്ഷം) കൂടി അനുവദിച്ചിട്ടുണ്ട്.

സി) എവിടെയാണ് അക്കാഡമി തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

സി) എക്സൈസ് അക്കാഡമി, തൃശൂരിലെ പൂത്തോൾ എന്ന സ്ഥലത്ത് 2004 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ